സെക്രട്ടറിയായും ആരോഗ്യകുടുംബക്ഷേമ വകുപ്പ്, നിയമവകുപ്പ്, സെക്രട്ടറിമാർ, പ്രവേശന പരീക്ഷാ കമ്മീഷണർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു വിദ്യാഭ്യാസ വിദഗ്ദ്ധൻ എന്നിവർ അംഗങ്ങളുമായ ഒരു സമിതി രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തവണവ്യവസ്ഥയായി നൽകുന്ന പണം സർക്കാരിലേക്ക് കണ്ടുകെട്ടാനും അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ തുകയും അതിന്റെ പലിശയും വസ്തുവിൻമേലുള്ള പൊതു റവന്യൂ കുടിശ്ശികയായി പരിഗണിക്കുകയും ആ തുക ഈടാക്കുന്നതിനോ അടയ്ക്കുന്നതിനോ ഗവൺമെന്റിലേക്ക് കണ്ടുകെട്ടാനും പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജ് (പ്രൊഫിബിഷൻ ഓഫ് കമ്മ്യൂണിറ്റേഷൻ ഫീ ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് റിക്സേഷൻ ഓഫ് ഫീസ്) ആക്ട്, 2004 പ്രകാരം ഓരോ സെൽഫ് ഫൈനാൻസിംഗ് കോളേജിലെയും ആകെയുള്ള സീറ്റിന്റെ 50% ഗവൺമെന്റ് കോട്ടയായും ബാക്കി 50% മാനേജ്മെന്റ് കോട്ടയായും നിജപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് കോട്ടയിലെ സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പരീക്ഷയിൽ ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ച് നികത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. മാനേജ്മെന്റ് കോട്ടയിലെ സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റിസ്റ്റിൽ നിന്നോ മാനേജ്മെന്റ് കോളേജുകളുടെ കൺസോർഷ്യം നടത്തുന്ന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിലോ നടത്തണമെന്നാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

എക്സ്പ്രസ്സ് ഫൈറ്റ് പദ്ധതി

*11 [115] *ശ്രീ. മഞ്ഞളാംകുഴി അലി:*
,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:*
,, *വി. ചെന്താമരാക്ഷൻ:*
,, *കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ്സ് ഫൈറ്റ് പദ്ധതിയുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള സർവ്വേ പ്രവർത്തനം എത്രത്തോളം ആയിട്ടുണ്ട്;

(സി) എത്രമാത്രം സ്ഥലമാണ് ഈ പദ്ധതിക്കാവശ്യമായി കണക്കാക്കിയിട്ടുള്ളത്;

(ഡി) എക്സ്പ്രസ്സ് ഫൈറ്റ് പദ്ധതിയുടെ കാര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പദ്ധതിയുടെ കാര്യത്തിൽ സമവായമുണ്ടായില്ലെങ്കിൽ പദ്ധതി നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ?

മരാമത്ത് വകുപ്പുമന്ത്രി *(ഡോ. എം. കെ. മുനീർ)*:

(എ) കേരള ഹൈസ്പീഡ് റോഡിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ നടപടി സ്വീകരിച്ചു. എന്നാൽ ഇപ്പോൾ ഈ പഠനം നടക്കുന്നില്ല.

(ബി) സർവ്വേ പ്രവർത്തനം തുടങ്ങിയിട്ടില്ല.

(സി) 4330 ഹെക്ടർ സ്ഥലം ആവശ്യമായിവരും.

(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) ഇത്തരത്തിലൊരു തീരുമാനമെടുത്തിട്ടില്ല.

സ്വാശ്രയ കോളേജുകളുടെ അദ്ധ്യാപക നിയമനം

*12 [116] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

,, *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 വർഷത്തിൽ വിദ്യാഭ്യാസ വകുപ്പ് പുതുതായി എത്ര സ്വാശ്രയ എഞ്ചിനീയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നൽകി;

(ബി) ഈ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർ നിശ്ചിത യോഗ്യതകൾ ഉള്ളവരാണോ എന്ന് പരിശോധിക്കുന്നതിന് സർക്കാർ സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) യോഗ്യതയില്ലാത്ത അദ്ധ്യാപകരെ നിയമിച്ചു എന്ന കാരണത്താൽ ഏതെങ്കിലും സ്വാശ്രയ കോളേജിന് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly